**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭയുടെ ഭരണ നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2054/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി,02/11/2020

---

പരാമർശം:- ഗുരുവായൂർ നഗരസഭ ചെയർ പേഴ്സൺ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

ഗുരുവായൂർ നഗരസഭയുടെ നിലവിലെ ഭരണ സമിതിയുടെ ഭരണ നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന്, പ്രധാന ദിനപ്പത്രങ്ങളിൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നതായും കോവിഡ് പശ്ചാത്തലത്തിൽ സ്പോൺസർഷിപ്പ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും ടി ആവശ്യത്തിലേക്കായി അഞ്ചു ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് നഗരസഭ ചെയർ പേഴ്സൺ ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുരുവായൂർ നഗരസഭയുടെ നിലവിലെ ഭരണ സമിതിയുടെ ഭരണ നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് പ്രധാന ദിനപ്പത്രങ്ങളിൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്ന ആവശ്യത്തിനായി തനത് ഫണ്ടിൽ നിന്നും അഞ്ചു ലക്ഷം രൂപ, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർ പേഴ്സൺ/സെക്രട്ടറി, ഗുരുവായൂർ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature Not Verified

Digitally signed by S BINDU
Date: 2020.11.02 14:35:44 IST
Reason: Approved

സെക്ഷൻ ഓഫീസർ